"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ നരിക്കുനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ കുമാരി ആരോമൽ സുബി സ്റ്റീഫന് പഠനാവശ്യത്തിനായി ശൂന്യവേതന അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1010/2026/LSGD തീയതി,തിരുവനന്തപുരം, 15-05-2026

പരാമർശം:-

1. കുമാരി ആരോമൽ സുബി സ്റ്റീഫൻ സമർപ്പിച്ച 12/03/2026 തീയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01/04/2026 തീയതിയിലെ LSGD/PD/9393/2026-DEA2 നമ്പർ കത്ത്.
3. കുമാരി ആരോമൽ സുബി സ്റ്റീഫൻ സമർപ്പിച്ച 13/05/2026 തീയതിയിലെ സാക്ഷ്യപത്രം.

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് നരിക്കുനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കുമാരി ആരോമൽ സുബി സ്റ്റീഫന് തിരുവനന്തപുരം iLearn IAS അക്കാദമിയിൽ UPSC prelims Cum Main പരിശീലനത്തിനായി 25/03/2026 മുതൽ 31/05/2027 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്ന പരാമർശം (1) പ്രകാരമുള്ള ടിയാളുടെ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

[2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമാരി ആരോമൽ സുബി സ്റ്റീഫൻ 25/03/2026 മുതൽ 31/05/2027 വരെ ശൂന്യവേതന അവധി അനുവദിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും ടിയാൾ നാളിതുവരെയും അവധിയിൽ പ്രവേശിച്ചിട്ടില്ല എന്ന പരാമർശം (3) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, ഉത്തരവ് തീയതിക്ക് ശേഷം ടിയാൾ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 31/05/2027 വരെ കെ.എസ്.ആർ., ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ശൂന്യവേതനാവധിയിൽ തുടരുന്ന കാലയളവ് സീനിയോറിറ്റി, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, സ്ഥാനക്കയറ്റം, ഗ്രാറ്റുവിറ്റി, പെൻഷൻ, ആർജ്ജിതാവധി മുതലായവ ഉൾപ്പടെയുള്ള യാതൊരുവിധ

ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

[3] അവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകയുടെ സേവനപുസ്തകത്തിൽ നിയമനാധികാരി രേഖപ്പെടുത്തേണ്ടതും, ടിയാളുടെ സേവനകാര്യത്തിൽ KSR ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നു എന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

കുമാരി ആരോമൽ സുബി സ്റ്റീഫൻ, സെക്രട്ടറി, നരിക്കുനി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്. *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് (12.05.2026 ലെ ഡെവ-1/87/2026-ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി1/89/2026/തസ്വഭവ. നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 15-05-2026 11:39:21
സെക്ഷൻ ഓഫീസർ